بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khuthba Khulasa 14.12.18 ഖുത്ബ സംഗ്രഹം

## സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്

**14.12.18 ന് ബൈത്തുൽ ഫുത്തൂഹ് ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്‌ബയുടെ സംഗ്രഹം**

**നബി(സ)തിരുമേനിയുടെ മഹോന്നതപദവിയിലുള്ള ബദരീ സ്വഹാബിയായ ഹദ്റത്ത് മിസ്ത്ത്വഹ് ബിൻ ഉസാസാ(റ)നെ കുറിച്ചുള്ള പരാമർശം.**

**ഹദ്റത്ത് മിസ്ത്തഹ് ബദർ യുദ്ധമുൾപ്പെടെ മറ്റെല്ലാ യുദ്ധങ്ങളിലും നബി(സ)തിരുമേനിയോടൊപ്പം പങ്കെടുത്തു. അദ്ദേഹത്തിന് വലിയൊരു സ്ഥാനമാണുണ്ടായിരുന്നത്. അല്ലാഹു അദ്ദേഹത്തിന്റെ പര്യവസാനം ശുഭമാക്കുകയും ആ സ്ഥാനം നിലനിർത്തുകയും ചെയ്തു. അല്ലാഹു അദ്ദേഹത്തിന്റെ പദവികൾ ഉയർത്തിക്കൊണ്ടിരിക്കുമാറാകട്ടെ.**

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَ اَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ- اَمَّا بَعْدُ

فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ- بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ-

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ۝ الرَّحْمٰنِ الرَّحِيْمِ ۝ مٰلِكِ يَوْمِ الدِّيْنِ ۝ اِيَّاكَ نَعْبُدُ وَ اِيَّاكَ نَسْتَعِيْنُ ۝

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ۝ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ۝

തശഹുദും തഅവുദും സൂറ:ഫാത്തിഹയും ഓതിയതിനുശേഷം ഹുസൂർ പറയുകയുണ്ടായി;

സ്വഹാബാക്കളെക്കുറിച്ചുള്ള വിവരണത്തിൽ ഇന്ന് ഹദ്റത്ത് മിസ്ത്തഹ് ബിൻ ഉസാസയെക്കുറിച്ചു പറയുന്നതാണ്. അദ്ദേഹത്തിന്റെ പേര് ഔഫ് എന്നും ഉപനാമം മിസ്ത്തഹ് എന്നുമായിരുന്നു. അദ്ദേഹത്തിന്റെ മാതാവ്, ഹദ്റത്ത് ഉമ്മെ മിസ്ത്തഹ് സലമാ ബിൻ സ്വഖർ ആയിരുന്നു. ഹദ്റത്ത് അബൂബക്കർ(റ)ന്റെ മാതൃസഹോദരി റേത്താബിൻത് സ്വഖറിന്റെ മകളായിരുന്നു അവർ. ഹദ്റത്ത് മിസ്ത്തഹ് ബദർയുദ്ധമുൾപ്പെടെ മറ്റെല്ലാ യുദ്ധങ്ങളിലും നബി(സ)തിരുമേനിയോടൊപ്പം പങ്കെടുത്തിരുന്നു. ഹിജ്റത്ത് കഴിഞ്ഞ് ഏട്ടുമാസങ്ങൾക്കുശേഷം നബി(സ) തിരുമേനി ഹദ്റത്ത് ഉബൈദാബിൻ ഹാരിസിനെ അറുപതോ, ഒരു രിവായത്ത് അനുസരിച്ച് എൺപതോ പേരടങ്ങുന്ന സംഘത്തോടൊപ്പം അയയ്ക്കുകയുണ്ടായി. നബി(സ)തിരുമേനി ഹദ്റത്ത് ഉബൈദാ ബിൻ ഹാരിസിനുവേണ്ടി വെള്ളനിറത്തിലുള്ള ഒരു പതാകയുണ്ടാക്കി. മിസ്ത്തഹ് ബിൻ ഉസാസ അതു കയ്യിലേന്തി. ഖുറൈശികളുടെ കച്ചവടസംഘത്തെ വഴിയിൽ തടയുക എന്നതായിരുന്നു ഈ സൈനികനീക്കത്തിന്റെ ഉദ്ദേശ്യം. അബൂസുഫിയാൻ ആയിരുന്നു ഖുറൈഷി സംഘത്തിന്റെ നേതാവ്. ഇരുനൂറു പേരായിരുന്നു ആ സംഘത്തിലുണ്ടായിരുന്നത്. റാബിഖ് താഴ്‌വരയിൽ വച്ച് സ്വഹാബികളുടെ സംഘം അവരുമായി കണ്ടുമുട്ടി. ഈ (ഖുറൈശി)സംഘം വെറും കച്ചവടസംഘമല്ലായിരുന്നു, മറിച്ച് യുദ്ധസാമഗ്രികൾകൊണ്ട് നിറഞ്ഞതായിരുന്നു. മാത്രമല്ല ഈ സംഘത്തിൽ നിന്നും ലഭിക്കുന്ന വരുമാനവും മുസ്‌ലിംകൾക്കെതിരായി യുദ്ധത്തിൽ ഉപയോഗിക്കുവാനുള്ളതായിരുന്നു. സംഭവങ്ങളിൽ നിന്നും മനസ്സിലാകുന്നത് അവർ പൂർണ്ണസജ്ജരായിരുന്നുവെന്നതാണ്. ഏതായിരുന്നാലും ഇരുകൂട്ടർക്കുമിടയിൽ അമ്പെയ്ത്തല്ലാതെ മറ്റു സംഘട്ടനങ്ങളൊന്നും നടന്നില്ല. യുദ്ധത്തിനായി പ്രത്യേകം അണിനിരന്നതുമില്ല. ഈ അവസരത്തിൽ ഹദ്റത്ത് മിഖ്ദാർ ബിൻ അസ്‌വദും ഹദ്റത്ത് ഉയയ്നാ ബിൻ ഗസ്‌വാനും തക്കം നോക്കി മുശ്‌രിക്കുകളുടെ കൂട്ടത്തിൽ നിന്നും മുസ്‌ലിംകളോടൊപ്പം വന്നു ചേരുകയുണ്ടായി. കാരണം അവർ രണ്ടുപേരും ഇസ്‌ലാം സ്വീകരിച്ചു കഴിഞ്ഞിരുന്നു. മുശ്‌രിക്കുകളുടെ മേൽ മുസ്‌ലിംകളുടെ സ്വാധീനശക്തി എത്രത്തോളം ഉളവാക്കപ്പെട്ടുവെന്നാൽ, അവർ ഭയന്നു തിരികെപോവുകയുണ്ടായി. മുസ്‌ലിംകൾ അവരെ പിൻതുടർന്നതുമില്ല. കാരണം യുദ്ധം ചെയ്യുകയെന്നതായിരുന്നില്ല അവരുടെ ഉദ്ദേശ്യം. ഖൈബറിന്റെ അവസരത്തിൽ നബി(സ)തിരുമേനി ഹദ്റത്ത് മിസ്ത്തയ്ക്കും ഇബ്നു ഇല്യാസിനും അമ്പത് വസ്ഖ് ധാന്യം നൽകുകയുണ്ടായി. അദ്ദേഹം ഹിജ്‌രി 34ന് ഹദ്റത്ത് ഉസ്മാൻ(റ)ന്റെ ഖിലാഫത്തു കാലത്ത് 56-ാം വയസ്സിൽ അദ്ദേഹം വഫാത്തായി. ഹദ്റത്ത് അലിയുടെ കാലംവരെ ജീവിച്ചിരുന്നു എന്നും, ഹദ്റത്ത് അലിയുടെ കൂടെ സ്വിഫ്ഫീൻ യുദ്ധത്തിൽ പങ്കെടുത്ത് 37 ഹിജ്‌രിയിലാണ് വഫാത്തായത് എന്നും പറയപ്പെടുന്നു.

ഹദ്റത്ത് മിസ്ത്തയ്ക്ക് അന്നപാനങ്ങൾക്കുള്ള ഏർപ്പാട് ചെയ്തിരുന്നത് അബൂബക്കർ ആയിരുന്നു. എന്നാൽ ഹദ്റത്ത് ആയിശയെക്കുറിച്ച് ദോഷാരോപണം ഉന്നയിക്കപ്പെട്ട കൂട്ടത്തിൽ മിസ്ത്തയും ഉൾപ്പെട്ടിരുന്നു. അതുകൊണ്ട്, ഇനി മേലിൽ അദ്ദേഹത്തിന്റെ പരിപാലനം ഞാൻ ഏറ്റെടുക്കുകയില്ല എന്ന് അബൂബക്കർ സത്യം ചെയ്യുകയുണ്ടായി. അപ്പോൾ ഈ ആയത്തിറങ്ങി;

وَلَا يَاْتَلِ اُولُوا الْفَضْلِ مِنْكُمْ وَالسَّعَةِ اَنْ يُّؤْتُوْٓا اُولِي الْقُرْبٰى
وَالْمَسٰكِيْنَ وَالْمُهٰجِرِيْنَ فِيْ سَبِيْلِ اللّٰهِ ۖ وَلْيَعْفُوْا وَلْيَصْفَحُوْا ؕ
اَلَا تُحِبُّوْنَ اَنْ يَّغْفِرَ اللّٰهُ لَكُمْ ؕ وَاللّٰهُ غَفُوْرٌ رَّحِيْمٌ ۝٢٣

(അതായത്, നിങ്ങളിൽ ശ്രേഷ്ഠതയും ഐശ്വര്യവുമുള്ള വർ അടുത്ത ബന്ധുക്കൾക്കും അഗതികൾക്കും ദൈവ മാർഗത്തിൽ സ്വദേശം വെടിഞ്ഞവർക്കും ഒന്നും നൽകു കയില്ലെന്ന് സത്യം ചെയ്യരുത്. അവർ മാപ്പുപറയുകയും വിട്ടുവീഴ്ച ചെയ്യുകയും ചെയ്യട്ടെ. അല്ലാഹു നിങ്ങൾക്കു പൊറുത്തു തരേണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നില്ലേ? അല്ലാഹു സർവ്വഥാ പൊറുക്കുന്നവനും കരുണാമയനുമാ കുന്നു. (സൂറ:അന്നൂർ,23)

അപ്പോൾ ഹദ്റത്ത് അബൂബക്കർ വീണ്ടും അദ്ദേഹത്തി ന് ആഹാരം നൽകുമെന്നു പറഞ്ഞു. ഹദ്റത്ത് ആയിശ യുടെ നിരപരാധിത്വം തെളിഞ്ഞപ്പോൾ ദുരാരോപണം ഉ ന്നയിച്ചിരുന്നവർക്ക് ശിക്ഷയും നൽകപ്പെട്ടു. ചില നിവേ ദനങ്ങൾ പ്രകാരം നബി(സ)തിരുമേനി, ഹദ്റത്ത് ആയി ശയുടെമേൽ ദോഷാരോപണം ഉന്നയിച്ചവർക്ക് ചാട്ടവറ ടി നൽകിയപ്പോൾ അവരിൽ ഹദ്റത്ത് മിസ്ത്തയും ഉണ്ടാ യിരുന്നു.

ബുഖാരിയിലെ നിവേദനമനുസരിച്ച് അപവാദസംഭവ ത്തിന്റെ വിശദീകരണം നൽകിക്കൊണ്ട് പറഞ്ഞിരിക്കുന്നു; നബി(സ)തിരുമേനി ഒരാക്രമണത്തിനായി പോകുമ്പോൾ ഭാര്യമാർക്കിടയിൽ നറുക്കെടുകയുണ്ടായി. ഹദ്റത്ത് ആയി ശ പറയുന്നു; എന്റെ നറുക്കാണു വീണത്. അങ്ങിനെ ഞാൻ അദ്ദേഹത്തോടൊപ്പം പോയി. ആ സമയത്ത് പർദ്ദ യുടെ കല്പന ഇറങ്ങിയിട്ടുണ്ടായിരുന്നു. എന്നെ ഒട്ടകപ്പു റത്തിരിക്കാനുള്ള ജീനിയിൽ ഇരുത്തി കയറ്റുകയും താ ഴെ ഇറക്കുകയും ചെയ്യുമായിരുന്നു. അങ്ങിനെ ഞങ്ങൾ യാത്രതുടർന്നു. നബി(സ)തിരുമേനി ആക്രമണത്തിൽ നി ന്നും വിരമിച്ച ശേഷം തിരിച്ചു വരികയായിരുന്നു. ഞങ്ങൾ മദീനയുടെ സമീപത്തെത്തിയിട്ടുണ്ടായിരുന്നു. ഒരു രാത്രി നബി(സ) അവിടെ നിന്നും യാത്രപുറപ്പെടുവാനുള്ള ക ല്പന നൽകി. ജനങ്ങൾ പോകുവാനുള്ള വിളംബരം ന ടത്തുമ്പോൾ ഞാൻ അല്പം മാറി ആവശ്യനിർവ്വഹണത്തി നായി വെളിയിൽ പോയി. തിരിച്ചുവന്ന് പല്ലക്കിനടുത്തെ ത്തിയപ്പോൾ, നോക്കുമ്പോൾ ളിഫാറിന്റെ കറുത്ത കല്ലുമാ ല വീണുപോയിരിക്കുന്നു. ഞാൻ അതുമന്വേഷിച്ച് പോ യി. കുറച്ചു നേരം വൈകി. അപ്പോഴേക്കും എന്റെ പല്ലക്കു ചുമക്കുന്നവർ വന്ന് അതു പൊക്കിയെടുത്ത് ഞാൻ സ ഞ്ചരിക്കാറുണ്ടായിരുന്ന ഒട്ടകപ്പുറത്തു വച്ചു. അതു ഒഴി ഞ്ഞിരിക്കുകയായിരുന്നു. ഞാൻ അതിൽ ഉണ്ടെന്നു അ വർ ധരിച്ചു. എന്തെന്നാൽ എനിക്ക് അന്ന് വളരെ മെലി ഞ്ഞ് ഭാരം കുറഞ്ഞ ശരീരമായിരുന്നു. അതുകൊണ്ട് ഒട്ട കത്തെയും നടത്തിക്കൊണ്ട് അവരെല്ലാവരും പോയി. സൈ ന്യം മുഴുവനും പോയിക്കഴിഞ്ഞപ്പോൾ എന്റെ മാലയും കണ്ടെത്തി. തമ്പടച്ചിരുന്നിടത്ത് തിരിച്ചെത്തി നോക്കു മ്പോൾ ആരെയും കണ്ടില്ല. പിന്നെ ഞാൻ, താമസിച്ചിരു ന്ന കൂടാരത്തിലേക്ക് പോയി ഇരുന്നു. എന്നെ കാണാതാ കുമ്പോൾ അവർ ഇങ്ങോട്ടു തിരിച്ചു വരുമല്ലോ എന്നു ചി ന്തിച്ചു. പറയുകയാണ്; ഞാൻ അവിടെത്തന്നെ ഇരുന്നു ഉറങ്ങിപ്പോയി. സ്വഫ്വാൻ ബിൻ മുഅത്തൽ സലമ സ ക്വാനി, സൈന്യം പുറകിൽ എന്തെങ്കിലും എടുക്കാതെ വിട്ടു പോയിട്ടുണ്ടോ എന്നു പരിശോധിക്കുന്നതിനായി, പുറകിലായിട്ടാണ് സഞ്ചരിക്കാറ്. രാവിലെ അദ്ദേഹം എ ന്റെ കൂടാരത്തിനടുത്തെത്തിയപ്പോൾ ഉറങ്ങിക്കിടക്കുന്ന ഒരു മനുഷ്യനെ കണ്ടപ്പോൾ ഇന്നാലി ല്ലാഹ് എന്നു പറ യുകയുണ്ടായി. അദ്ദേഹത്തിന്റെ ഇന്നാലില്ലാഹ് ചൊല്ലുന്ന തു കേട്ട് ഞാൻ ഉണർന്നു. അദ്ദേഹം തന്റെ ഒട്ടകത്തെ എ ന്റെ അടുത്തുകൊണ്ടുവന്നു അതിനെ ഇരുത്തി ഞാൻ അ തിൽ യാത്രയായി. അദ്ദേഹം ഒട്ടകത്തിന്റെ മൂക്കുകയർ പി ടിച്ചുകൊണ്ട് നടന്നു. അങ്ങിനെ ഞങ്ങൾ സൈന്യത്തോ ടൊപ്പം ചേർന്നു. കൃത്യം ആളുകൾ ഉച്ചസമയത്ത് വിശ്ര മിക്കുവാനായി കൂടാരത്തിനകത്തായിരുന്ന സമയത്താണ് ഞങ്ങൾ എത്തിയത്. പിന്നെ എന്റെ നാശമായിരുന്നു. അ തായത് ആളുകൾ ആരോപണം ഉന്നയിക്കാൻ തുടങ്ങി. ഈ ദോഷാരോപണത്തിന്റെ കാരണക്കാരൻ അബ്ദുല്ലാ ഹിബ്നു ഉബയ്യിബ്നു സൂലൂൽ ആയിരുന്നു. ഞങ്ങൾ മ ദീനയിലെത്തി. ഒരു മാസത്തോളം രോഗിയായി. ദോഷാ രോപണത്തെക്കുറിച്ച് ജനങ്ങൾക്കിടയിൽ ചർച്ചയായി. എന്റെ ഈ രോഗാവസ്ഥയ്ക്കിടയിൽ എന്നെ സംശത്തി ലാക്കിയ ഒരു കാര്യം, ഞാൻ രോഗിയാകുമ്പോൾ ന ബി(സ) കാണിക്കാറുള്ള ആ ദയ ഇപ്പോൾ കാണുന്നില്ല എന്നതാണ്. അദ്ദേഹം അകത്തേക്കു വരികയും സലാം മാത്രം പറയുകയും, ആരോടെങ്കിലും എന്റെ അവസ്ഥ എ ന്താണെന്ന് ചോദിക്കുകയും ചെയ്യും. എനിക്ക് ആ ദോഷാ രോപണത്തെക്കുറിച്ചുള്ള അറിവുണ്ടായിരുന്നില്ല. ഒരു രാ ത്രിയിൽ ഞാനും ഉമ്മെ മിസ്ത്തഹ് ബിൻത് അബീറുഹമും പോയിക്കൊണ്ടിരിക്കുകയായിരുന്നു. അതിനിടയിൽ അവർ പുതപ്പിൽ കാലുടക്കി വീണു. അപ്പോൾ പറയുകയുണ്ടായി' മിസ്ത്തഹ് ഭാഗ്യം കെട്ടവനാണ്. ഞാൻ അവരോടു പറ ഞ്ഞു; നീ എന്ത് മോശമായ കാര്യമാണിപ്പോൾ പറഞ്ഞ ത്. ബദർയുദ്ധത്തിൽ പങ്കെടുത്തിരുന്ന ഒരു വ്യക്തി യെയാണോ നീ ചീത്ത പറയുന്നത്. അവർ പറഞ്ഞു; ഏ നിഷ്കളങ്കയായ സ്ത്രീ ! ജനങ്ങളെന്ത് അപവാദമാണു പറയുന്നതെന്നു നിനക്കറിയുമോ ?. അപ്പോൾ അവരെ ന്നോട് എന്റെ പേരിൽ ഉന്നയിക്കുന്ന ദോഷാരോപണങ്ങ ളെക്കുറിച്ചു വിവരിച്ചുതന്നുകൊണ്ടു പറഞ്ഞു, ഈ ആ രോപണമാണ് നിന്റെ പേരിലുള്ളത്. രോഗാവസ്ഥയിൽ നിന്നും ഞാൻ എഴുന്നേറ്റതേയുള്ളൂ. തളർച്ചയുണ്ടായിരു ന്നു ഈകാര്യം കൂടി കേട്ടപ്പോൾ എന്റെ അസുഖം വർ ദ്ധിച്ചു. ഞാൻ വീട്ടിലെത്തിയപ്പോൾ നബി(സ)തിരുമേനി എന്റെ അടുക്കൽവരികയും അസ്സലാമു അലൈക്കും എ ന്നു പറഞ്ഞുകൊണ്ട് ചോദിച്ചു; ഇപ്പോൾ നിനക്കെങ്ങി നെയുണ്ട്. ഞാൻ പറഞ്ഞു എനിക്കെന്റെ മാതാപിതാക്ക ളുടെ അടുക്കൽ പോകാൻ അനുവാദം തരണം. അദ്ദേഹം

എനിക്ക് അനുവാദം തന്നു. ഞാൻ വീട്ടിലെത്തി മാതാപിതാക്കളോടു ചോദിച്ചു ജനങ്ങളെന്താണീ പറയുന്നത്?. എന്റെ മാതാവ് പറഞ്ഞു; മോളേ ഇക്കാര്യമോർത്ത് നിന്റെ ജീവൻ സങ്കീർണ്ണമാക്കേണ്ട. അല്ലാഹുവാണെ സത്യം ഒരു വ്യക്തിക്ക് സുന്ദരിയായ ഒരു ഭാര്യയുണ്ടായിരിക്കുകയും ആ ഭാര്യയെ അയാൾ നന്നായി സ്നേഹിക്കുകയും ചെയ്യുന്നു. അയാൾക്കു വേറെയും സപത്നിമാരുണ്ട്, അത്തരം അവസ്ഥയിൽ അവർക്കെതിരിൽ ജനങ്ങൾ സംസാരിക്കാതിരിക്കുകയും ചെയ്തിട്ടുള്ളതായി വളരെ വിരളമായേ കാണുകയുള്ളൂ . ഹദ്റത്ത് ആയിശ പറയുന്നു; ആ രാത്രി ഞാൻ എങ്ങിനെ കഴിച്ചുകൂട്ടിയെന്നാൽ വെളുക്കുവോളം എന്റെ കണ്ണുനീർ ശമിച്ചില്ല. രാത്രി മുഴുവനും എനിക്കുറക്കം വന്നില്ല. ഞാൻ കരഞ്ഞുകൊണ്ടേയിരുന്നു. പ്രഭാതമായപ്പോൾ നബി(സ) അലിയ്യുബ്നു അബീത്വാലിബിനേയും ഉസാമാബിൻ സൈദിനെയും വിളിച്ചു തന്റെ ഭാര്യയെക്കുറിച്ചുള്ള അഭിപ്രായം ചോദിക്കാൻവേണ്ടി വിളിച്ചു വരുത്തി. ഉസാമാ പറഞ്ഞു; അല്ലാഹുവിന്റെ ദൂതരേ ആയിശ താങ്കളുടെ ഭാര്യയാകുന്നു, അല്ലാഹുവാണെ സത്യം ഞങ്ങൾക്കവരെക്കുറിച്ച് നല്ലതല്ലാതെ മറ്റൊന്നും അറിയില്ല. ഞങ്ങൾ യാതൊരു കളങ്കവും കണ്ടിട്ടില്ല. എന്നാൽ അലിയ്യുബ്നു അബീത്വാലിബ് പറഞ്ഞു; യാ റസൂലല്ലാഹ്, അല്ലാഹു താങ്കൾക്ക് യാതൊരു തരത്തിലുള്ള ക്ഷാമവും നൽകിയിട്ടില്ല. അവരെക്കൂടാതെ വേറെയും ധാരാളം സ്ത്രീകളുണ്ട്. പിന്നീട് ഹദ്റത്ത് അലി പറഞ്ഞു, ഹദ്റത്ത് ആയിശയുടെ പരിചാരികയോടു ചോദിക്കുക എപ്രകാരമുള്ളവളാണെന്ന്. ഹദ്റത്ത് നബി(സ) ബരീറയെ വിളിച്ചു. എന്നിട്ടു ചോദിച്ചു; ബരീറാ നീ ഹദ്റത്ത് ആയിശയിൽ നിനക്കു സംശയം തോന്നത്തക്ക വിധത്തിൽ വല്ല കാര്യവും കണ്ടിട്ടുണ്ടോ. ബരീറ പറഞ്ഞു ഒരിക്കലുമില്ല. താങ്കളെ സത്യത്തോടുകൂടി അയച്ചവനാരാണോ അവനെ സത്യംചെയ്തുകൊണ്ട് പറയുന്നു; ഞാൻ ഹദ്റത്ത ആയിശയിൽ യാതോരുവിധ ന്യൂനതയും കണ്ടിട്ടില്ല.

ഇതുകേട്ടതിനുശേഷം നബി(സ)തിരുമേനി സ്വഹാബാക്കളെ അഭിസംബോധന ചെയ്തുകൊണ്ടു പറഞ്ഞു; എന്റെ ഭാര്യ മുഖേന എന്നെ വിഷമത്തിലാക്കിയ വ്യക്തികളുടെ കാര്യം തീരുമാനിക്കാൻ ആരാണുള്ളത്. അപ്പോൾ ഹദ്റത്ത് സഅദുബിൻ മുആദ് എഴുന്നേറ്റുനിന്നുകൊണ്ട് പറഞ്ഞു; യാ റസൂലല്ലാഹ്, അല്ലാഹുവാണെ ഈ ആരോപണം ഉന്നയിച്ചയാളോട് താങ്കൾക്കുവേണ്ടി ഞാൻ പകരം ചോദിക്കുന്നതാണ്. അവർ ഔസ് ഗോത്രത്തിൽ നിന്നുള്ളവരാണെങ്കിൽ അയാളുടെ തല ഞാനെടുക്കുന്നതാണ്. ഇനി അഥവാ ഞങ്ങളുടെ സഹോദരങ്ങളായ ഖദ്റജ്ഗോത്രത്തിൽ നിന്നുള്ളയാളാണെങ്കിൽ താങ്കൾ ഞങ്ങൾക്ക് എന്തു കല്പന നൽകിയാലും അത് ഞങ്ങൾ നടപ്പിലാക്കുന്നതാണ്. അതുകേട്ടപ്പോൾ ഖദ്റജ് ഗോത്രത്തിൽ നിന്നുള്ള സഅദ്ബിൻ ഉബാദ എഴുന്നേറ്റു നിന്നു എന്നിട്ടു പറഞ്ഞു; നീ തെറ്റാണു പറഞ്ഞത്. അല്ലാഹുവാണെ നിനക്കയാളെ വധിക്കുവാൻ സാധിക്കുകയില്ല. അങ്ങിനെ ഇരുഗോത്രക്കാരും കോപംകൊണ്ട് ആളിക്കത്തി. പരസ്പരം യുദ്ധത്തിന്റെ വക്കിലെത്തി. നബി(സ)തിരുമേനി അവരെ ശാന്തരാക്കി അങ്ങിനെ അവർ നിശബ്ദരായി. ഹദ്റത്ത് ആയിശ പറയുന്നു; ഞാൻ ദിവസം മുഴുവനും കരഞ്ഞുകൊണ്ടിരുന്നു. എന്റെ കണ്ണുനീർ തോർന്നതേയില്ല. എനിക്കുറക്കവും വന്നില്ല. എന്റെ മാതാപിതാക്കൾ എന്റെയടുത്ത് വന്നു. ഞങ്ങൾ അതേ അവസ്ഥയിൽത്തന്നെ ഇരിക്കുകയായിരുന്നു. അപ്പോൾ നബി(സ)തിരുമേനി അകത്തേക്കുവന്ന് ഇരുന്നു. എന്റെ മേൽ ദോഷാരോപണം ഉന്നയിക്കപ്പെട്ടിരുന്ന സമയത്ത് അദ്ദേഹം എന്റെയടുത്തിരിക്കില്ലായിരുന്നു. ഒരു മാസത്തോളം കാത്തിരുന്നു. എന്നാൽ എന്നെക്കുറിച്ച് യാതൊരു വഹ്‌യും ഇറങ്ങിയില്ല. ഹദ്റത്ത് ആയിഷ പറയുന്നു; അവിടന്ന് തശഹുദ് ഓതിക്കൊണ്ടു പറഞ്ഞു ; ആയിഷാ നിന്നെക്കുറിച്ചുള്ള കാര്യങ്ങളെല്ലാം കേട്ടു അതുകൊണ്ട് , നീ നിരപരാധിയാണെങ്കിൽ അല്ലാഹു നിന്നെ നിരപരാധിയാക്കുന്നതാണ്. ഇനി അഥവാ നിന്റെ ഭാഗത്തുനിന്നും എന്തെങ്കിലും ദൗർബല്യം വന്നുപോയിട്ടുണ്ടെങ്കിൽ അല്ലാഹുവിനോട് പൊറുക്കലിനെ തേടുകയും പശ്ചാത്തപിച്ചു മടങ്ങുകയും ചെയ്യുക. എന്തെന്നാൽ ദാസൻ തന്റെ കുറ്റങ്ങൾ ഏറ്റുപറയുമ്പോൾ, പശ്ചാത്തപിച്ചു മടങ്ങുമ്പോൾ അല്ലാഹുവും കരുണകാണിക്കുന്നു. നബി(സ)തിരുമേനി പറഞ്ഞുതീർന്നപ്പോൾ ഞാനെന്റെ പിതാവിനോടു പറഞ്ഞു; എന്റെ ഭാഗത്തുനിന്നും മറുപടി നൽകിയാലും. അദ്ദേഹം പറഞ്ഞു; അല്ലാഹുവാണെ, റസൂലുല്ലായോട് ഞാനെന്തു പറയണമെന്നെനിക്കറിയില്ല. പിന്നെ ഞാനെന്റെ മാതാവിനോടു പറഞ്ഞു. അവരും അതേ മറുപടിതന്നെയാണു പറഞ്ഞത്. ഞാൻ നബി(സ)തിരുമേനിയോടു പറഞ്ഞു; അഥവാ ഞാൻ നിരപരാധിയാണെന്ന് പറയുകയാണെങ്കിൽ, അത് അല്ലാഹുവിനറിയാം വാസ്തവത്തിൽ ഞാൻ നിരപരാധിയാണെന്ന്. എന്നാൽ ഞാൻ സത്യമാണ് പറയുന്നതെന്ന് താങ്കൾ വിശ്വസിക്കുകയില്ല. ഇനി ഞാൻ വല്ലതും ഏറ്റുപറയുകയാണെങ്കിൽ ഞാൻ പറയുന്നത് സത്യമാണെന്ന് താങ്കൾ ധരിക്കും. എന്നാൽ അല്ലാഹുവിനറിയാം ഞാൻ നിരപരാധിയാണെന്ന്. അല്ലാഹുവാണെ എന്റെയും താങ്കളുടെയും അവസ്ഥയ്ക്ക് ഉദാഹരണമായി യൂസുഫിന്റെ പിതാവിന്റെ ഉദാഹരണമല്ലാതെ മറ്റൊന്നും കാണുന്നില്ല. അദ്ദേഹം ക്ഷമ കൈക്കൊള്ളുക,അല്ലാഹുവിനോട് തന്നെ സഹായം ആവശ്യപ്പെടുകയും ചെയ്യുക എന്നായിരുന്നു അദ്ദേഹം പറഞ്ഞിരുന്നത്. അതിനുശേഷം ഞാൻ ഒരുവശത്തേക്കു മാറി എന്റെ കിടക്കയിൽ പോയിരുന്നു. അല്ലാഹു എന്റെ നിരപരാധിത്വം തെളിയിക്കുന്നതാണെന്ന് എനിക്കു പ്രതീക്ഷയുണ്ടായിരുന്നു. ഹദ്റത്ത് ആയിശ പറയുന്നു; അല്ലാഹുവാണെ സത്യം അദ്ദേഹം ഇരുന്ന ഇരിപ്പിടത്തിൽ നി

ന്ന് എഴുന്നേറ്റതേയുള്ളൂ അദ്ദേഹത്തിൽ വഹ്‌യ് ഇറങ്ങി. നബി(സ)തിരുമേനിയിൽ നിന്നും വഹ്‌യുടെ അവസ്ഥ പോയിക്കഴിഞ്ഞപ്പോൾ അവിടന്ന് പുഞ്ചിരിച്ചുകൊണ്ടിരിക്കുകയായിരുന്നു. എന്നിട്ട് ആദ്യമായി അദ്ദേഹം പറഞ്ഞതിതാണ്; ആയിശാ നീ അല്ലാഹുവിനു നന്ദി പറയുക, എന്തെന്നാൽ അല്ലാഹു നിന്നെ നിരപരാധിയാക്കിയിരിക്കുന്നു. അപ്പോൾ എന്റെ മാതാവ് എന്നോടു പറഞ്ഞു; എഴുന്നേൽക്കൂ, എഴുന്നേറ്റ് നബി(സ)തിരുമേനിയുടെ അടുത്തേക്കു പോകൂ. ഞാൻ പറഞ്ഞു; അല്ലാഹുവാണെ ഒരിക്കലുമില്ല. ഞാൻ അദ്ദേഹത്തന്റെ അടുത്തേക്ക് എഴുന്നേറ്റു പോകുകയില്ല. അല്ലാഹുവിനോടല്ലാതെ ആരോടും നന്ദി പറയുകയുമില്ല. അല്ലാഹു വഹ്‌യ് ഇറക്കിയത് ഇതായിരുന്നു; ആ ദോഷാരോപണം നടത്തിയവർ നിങ്ങളിൽ നിന്നുതന്നെയുള്ള ഒരു സംഘമാണ്.

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് സീറത്ത് ഖാത്തമുന്നബിയ്യീനിൽ ഈ സംഭവം വിവരിച്ചുകൊണ്ട് കൂടുതലായി എഴുതിയിട്ടുള്ള കാര്യമിതാണ്; ബുഖാരിയിൽ വന്നിട്ടുള്ളത്, ഹദ്റത്ത് ആയിശയ്ക്കു മുകളിൽ ചവിട്ടിയാണ് ഒട്ടകപ്പുറത്തു കയറിയത് എന്നാണ്. ഇവിടെ പറയുന്നത് അദ്ദേഹം,ഒട്ടകം പെട്ടെന്ന് എഴുന്നേൽക്കാതിരിക്കുവാനായി ഒട്ടകത്തിന്റെ കാൽമുട്ടുകളിൽ കാൽകൊണ്ട് ചവിട്ടിപ്പിടിക്കുകയും ആയിശ ഒട്ടകപ്പുറത്തു കയറുകയും ചെയ്തു എന്നാണ്.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ) ഈ സംഭവത്തിൽ കൂടുതലായി പറഞ്ഞിട്ടുള്ള കാര്യം പറയാം. എഴുതുകയാണ്; ഹദ്റത്ത് ആയിശയ്ക്കെതിരായിട്ടുള്ള ബഹളങ്ങൾ എത്രത്തോളം വർദ്ധിച്ചിരുന്നുവെന്നാൽ, ചില സ്വഹാബാക്കൾ അജ്ഞതയിൽ അവരോടൊപ്പം ചേരുകയുണ്ടായി. അതിൽപ്പെടുന്നവരിൽ ഒന്ന് ഹസ്സാനുബ്നു സാബിത് ആണ്. പിന്നെ മിസ്ത്തഹ്ബിൻ അസാസയും ഒരു സ്വഹാബിയ ആയ ഹിംനാ ബിൻ ഹജഷും ആയിരുന്നു. നബി(സ)തിരുമേനിയുടെ ഭാര്യയുടെ സഹോദരിയായിരുന്നു അവർ. ഹദ്റത്ത് ആയിഷ(റ)യ്ക്ക് ഈ സംഭവം വലിയ ആഘാതമുണ്ടാക്കിയിരുന്നു. ഈ ആഘാതത്തിൽ അവർ രോഗിണിയായി. ആ കപടവിശ്വാസികളുടെ കാര്യങ്ങളെക്കുറിച്ചറിഞ്ഞപ്പോൾ അവരുടെ അസുഖം മൂർഛിച്ചു.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് ഒരു ഖുത്ബയിൽ മറ്റൊരു കാര്യംകൂടി പറയുകയുണ്ടായി. അതായത്, ഹദ്റത്ത് ആയിശയിൽ ദോഷാരോപണം ഉന്നയിച്ച കാരണത്താൽ ചാട്ടവാറടി ലഭിച്ച മൂന്നു വ്യക്തികളിൽ ഒന്ന് ഹസ്സാനിബ്നു സാബിത്ത് ആയിരുന്നു. മറ്റൊന്ന് ഹദ്റത്ത് അബൂബക്കറിന്റെ മാതൃസഹോദരീ പുത്രൻ ആയിരുന്ന മിസ്ത്തഹ് ആയിരുന്നു. ഒരു സ്ത്രീ ആയിരുന്നു മറ്റൊന്ന്. ഇവർക്കു മൂന്നു പേർക്കും ശിക്ഷ ലഭിച്ചു. സുനൻ അബൂദാവൂദിലും ഈ ശിക്ഷയെക്കുറിച്ചുള്ള പരാമർശമുണ്ട്. ഏതായിരുന്നാലും ചിലരുടെ അഭിപ്രായത്തിൽ ശിക്ഷ നൽകപ്പെട്ടു,ചിലരുടെ അഭിപ്രായത്തിൽ ശിക്ഷ നൽകിയിട്ടില്ല. എന്തായാലും ഈ സ്വഹാബാക്കൾക്ക് അല്ലാഹു പൊറുത്തുകൊടുത്തു. ബദരി സ്വഹാബികളായിരുന്നു ഇവർ. ഇവർക്കൊരു പ്രത്യേക സ്ഥാനമുണ്ടായിരുന്നു. അല്ലാഹു അവർക്ക് നല്ല പര്യവസാനം നൽകിക്കൊണ്ട് അവരുടെ പദിവി നിലനിർത്തി. അല്ലാഹു അവരുടെ പദവികൾ ഉയർത്തിക്കൊണ്ടിരിക്കുമാറാകട്ടെ. (ആമീൻ).

اَلْحَمْدُ لِلّٰهِ نَحْمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُؤْمِنُ بِهٖ وَنَتَوَكَّلُ عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ يُّضْلِلْهُ فَلَا هَادِيَ لَهٗ - وَنَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ- عِبَادَ اللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَآءِ ذِي الْقُرْبٰى وَ يَنْهٰى عَنِ الْفَحْشَآءِ وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ-

Friday Sermon delivered by **Hadrath Khaleefathul Masih Al-khamis** (atba)
at Baithul Futuh,London – on 14.12.18
Malayalam Translation : **Moulvi Najmuddin,** For Malayalam Desk,Qadian.
Published By Nazarath Nashr-O-Isha'ath, Sadr Anjuman Ahmadiyya - Qadian, 143516